# വോട്ട് ചെയ്യണം, ഉപേക്ഷ വിചാരിക്കരുത്.... ഇത് ടൊവിനോയുടെ അഭ്യർഥന



ദേശീയ സമ്മതിദായക ദിനാചരണത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം ഭാരതമാതാ കോളേജിൽ ടൊവിനോ തോമസ് നിർവഹിക്കുന്നു. കോളേജ് പ്രിൻസിപ്പൽ ഡോ. കെ.എം. ജോൺസൻ, കളക്ടർ എൻ.എസ്.കെ. ഉമേഷ്, മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ സഞ്ജയ് കൗൾ, കോളേജ് ഡയറക്ടർ ഫാ. എബ്രഹാം ഒലിയപ്പുറത്ത്, മലപ്പുറം കളക്ടർ വി.ആർ. വിനോദ് എന്നിവർ സമീപം

**തൃക്കാക്കര ▸** എല്ലാവരും വോട്ട് ചെയ്യണം, ഇക്കാര്യത്തിൽ ആരും ഉപേക്ഷ വിചാരിക്കരുത്....ഇത് ഏതെങ്കിലും സ്ഥാനാർഥിയുടെ വോട്ട് അഭ്യർഥനയല്ല, പ്രിയ നടൻ ടൊവിനോയുടെ അപേക്ഷയാണ്. ദേശീയ സമ്മതിദായക ദിനാഘോഷത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം ഭാരതമാതാ കോളേജിൽ നിർവഹിക്കുകയായിരുന്നു അദ്ദേഹം.

രാജ്യത്തെ എല്ലാ പൗരന്മാർക്കും തുല്യത ഉറപ്പുവരുത്തുന്ന ജനാധിപത്യത്തെ ശക്തിപ്പെടുത്തുകയാണ് വോട്ടിങ്ങിലൂടെ സാധ്യമാകുന്നത്. വോട്ട് ചെയ്യാതിരിക്കുന്നത് നമ്മെ മാത്രമല്ല നമുക്ക് ചുറ്റുമുള്ളവരെയും ബാധിക്കും.

ജനാധിപത്യം കാത്തുസൂക്ഷിക്കാൻ കഴിയുന്ന, നമ്മെ നയിക്കാൻ കഴിയുന്ന വ്യക്തിക്കായിരിക്കും എന്റെ വോട്ട്. വോട്ടവകാശം ലഭിച്ച ശേഷം വോട്ട് ചെയ്യാനുള്ള അവസരം നഷ്ടപ്പെടുത്തിയിട്ടില്ലെന്നും സംസ്ഥാന തിരഞ്ഞെടുപ്പ് വകുപ്പ് സ്വീപ്പ് ഐക്കൺ കൂടിയായ ടൊവിനോ തോമസ് പറഞ്ഞു. സംസ്ഥാന മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ സഞ്ജയ് കൗൾ അധ്യക്ഷത വഹിച്ചു. മുഖ്യ തിരഞ്ഞെടുപ്പ് കമ്മിഷണർ രാജീവ് കുമാറിന്റെ ദേശീയ സമ്മതിദാന സന്ദേശ വീഡിയോയും പ്രദർശിപ്പിച്ചു. ടൊവിനോ തോമസ് സമ്മതിദായക പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. ജില്ലാ കളക്ടർ എൻ.എസ്.കെ. ഉമേഷ്, ഭാരതമാതാ കോളേജ് മാനേജർ ഫാ. ഡോ. എബ്രഹാം ഒലിയപ്പുറത്ത്, പ്രിൻസിപ്പൽ ഡോ. കെ.എം. ജോൺസൻ, അഡീഷണൽ ചീഫ് ഇലക്ടറൽ ഓഫീസർ സി. ഷർമിള തുടങ്ങിയവർ പങ്കെടുത്തു.

## പുരസ്കാരം വിതരണം ചെയ്തു

മികച്ച ജില്ലാ ഇലക്ഷൻ ഓഫീസർമാർക്കുള്ള പുരസ്കാരം ചടങ്ങിൽ വിതരണം ചെയ്തു. തൃശ്ശൂർ ജില്ലാ കളക്ടർ കൃഷ്ണ തേജ, മലപ്പുറം ജില്ലാ കളക്ടർ വി. ആർ. വിനോദ്, കോഴിക്കോട് ജില്ലാ കളക്ടർ സ്നേഹിൽ കുമാർ സിങ് എന്നിവർക്കാണ് പുരസ്കാരം ലഭിച്ചത്. മികച്ച ബൂത്ത് ലെവൽ ഓഫീസർമാർക്കുള്ള പുരസ്കാരം വിജി വർഗീസ്, ടി. ധന്യമോൾ എന്നിവർ ഏറ്റുവാങ്ങി. മികച്ച ഇലക്ടറൽ ലിറ്ററസി ക്ലബ്ബ് പുരസ്കാരം പാലക്കാട് അഗളി ഗവൺമെന്റ് വൊക്കേഷണൽ ഹയർസെക്കൻഡറി സ്കൂൾ നേടി. ജില്ലാ ഇലക്ടറൽ ലിറ്ററസി ക്ലബ്ബ് കോ-ഓർഡിനേറ്റർ പുരസ്കാരം അസിസ്റ്റന്റ് പ്രൊഫസർ ഡോ. വിപിൻ കെ. വർഗീസ് (കുര്യാക്കോസ് ഗ്രിഗോറിയസ്, പാമ്പാടി, കോട്ടയം) ഏറ്റുവാങ്ങി.